# Sree Padmanabha Swamy Temple

Mathilakam Office, Ulsavamadom Building,North Nada,
Fort (PO), Thiruvananthapuram-695023
0471 2450 233, 2450 031, 93872 59877

15.02.2025

NO.C.1/SPST/2025/0343

## ടെണ്ടർ പരസ്യം

ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലെ ഒററക്കൽ മണ്ഡപം, താഴ്‌വാരം നവീകരണത്തിന്റെ ഭാഗമായി ഒററക്കൽ മണ്ഡപത്തിന് മുകളിൽ നിന്നും ഇളക്കി മാററിയ താഴിക കുടത്തിന് പകരം പുതിയ താഴിക കുടം താഴെ വിവരിക്കുന്ന അളവിൽ ഗുണനിലവാരമുള്ള ചെമ്പ് തകിടിൽ നിർമ്മിച്ച് ക്ഷേത്രത്തിൽ നിന്നും നൽകുന്ന സ്വർണ്ണമുപയോഗിച്ച് ക്ഷേത്രത്തിനകത്ത് വച്ച് സ്വർണ്ണം പൊതിഞ്ഞ് നൽകുന്നതിന് താഴെ വിവരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി ടെണ്ടർ ക്ഷണിക്കുന്നു.

## താഴിക കുടത്തിന്റെ അളവ്

1. താഴിക കുടത്തിന്റെ പൊക്കം : 1.33 Mtr
2. താഴിക കുടത്തിന്റെ കൂമ്പ്: 37 cm
3. താഴിക കുടത്തിന്റെ ഒന്നാം തട്ട് വ്യാസം: 38 cm
4. താഴിക കുടത്തിന്റെ രണ്ടാം തട്ട് വ്യാസം: 60 cm
5. താഴിക കുടത്തിന്റെ മൂന്നാം തട്ട് വ്യാസം: 1.30 Mtr
6. താഴിക കുടത്തിന്റെ പീഠം: 54 cm
7. താഴിക കുടത്തിന് ആവശ്യമായ താമര ഇതളോടു കൂടിയ പൂവുകൾ.
8. താഴിക കുടത്തിന്റെ കൂമ്പിന് ആവശ്യമായ ഇതളുകൾ.

## നിബന്ധനകൾ

1. താഴിക കുടം ടെണ്ടർ സമർപ്പിക്കുന്നവർ ഹിന്ദു മതസ്ഥരായിരിക്കണം. കൂടാതെ 18 വയസ്സിന് മുകളിൽ പ്രായവും ഉണ്ടായിരിക്കണം.
2. മഹാക്ഷേത്രങ്ങളിൽ ഇത്തരം പണികൾ ചെയ്ത് പ്രാവീണ്യം ഉള്ളവരായിരിക്കണം ടെണ്ടർ സമർപ്പിക്കേണ്ടത്. ആയതിനുള്ള രേഖകൾ ടെണ്ടറിനൊപ്പം സമർപ്പിക്കണം.
3. ടെണ്ടറിനൊപ്പം തിരിച്ചറിയൽ രേഖയായി ആധാർ കാർഡിന്റെ പകർപ്പ് കൂടി വച്ചിരിക്കണം.
4. ചെമ്പിൽ തീർക്കുന്ന താഴിക കുടം ക്ഷേത്രത്തിന് പുറത്ത് വച്ച് ചെയ്യാവുന്നതാകുന്നു.
5. താഴിക കുടം സ്വർണ്ണം പൊതിയുന്ന ജോലി ക്ഷേത്രത്തിനകത്ത് വച്ച് ക്ഷേത്ര ഉദ്യോഗസ്ഥരുടെയും , ക്ഷേത്ര സുരക്ഷാ വിഭാഗം ഉദ്യോഗസ്ഥരുടെയും മേൽനോട്ടത്തിൽ നിർവ്വഹിക്കണം. വിശേഷ ദിവസങ്ങളിൽ അപ്രകാരം മറേറതെങ്കിലും കാരണത്താൽ ക്ഷേത്രാധികൃതർ ആവശ്യപ്പെട്ടാൽ ആവശ്യപ്പെടുന്ന ദിനങ്ങളിൽ പണികൾ നടത്തുവാൻ പാടുള്ളതല്ല.

സമർപ്പിക്കുന്നവർ ജി.എസ്.ററി രജിസ്ട്രേഷൻ ഉള്ളവരായിരിക്കണം. കൂടാതെ ...റിനോടൊപ്പം പാൻ കാർഡിന്റെ കോപ്പിയും, ജി.എസ്.ററി സർട്ടിഫിക്കേഷന്റെ കോപ്പിയും സമർപ്പിക്കേണ്ടതാണ്.

7. ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി 25.02.2025 രാവിലെ 11.00 മണി. അന്നേദിവസം രാവിലെ 11.30 മണിക്ക് ടെണ്ടർ സമർപ്പിച്ചവരിൽ അപ്പോൾ ഹാജരായിരിക്കുന്നവരുടെ സാന്നിധ്യത്തിൽ ടെണ്ടർ തുറന്ന് പരിശോധിക്കുന്നതാകുന്നു.

8. ടെണ്ടർ സ്വീകരിച്ച് വർക്ക് ഓർഡർ നൽകിയാൽ കാലതാമസം കൂടാതെ പണികൾ ആരംഭിക്കേണ്ടതും, പരമാവധി 30 ദിവസത്തിനകം പണികൾ പൂർണ്ണമായി പൂർത്തീകരിച്ച് നൽകേണ്ടതുമാണ്.

9. പ്രസ്തുത പണികൾ നിർവ്വഹിക്കുമ്പോൾ കൃത്യമായി എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ചിരിക്കണം. ആയതിന്മേൽ എന്തെങ്കിലും സുരക്ഷാ വീഴ്ച്ച സംഭവിക്കുകയാണെങ്കിൽ ആയതിന് ഉത്തരവാദി ക്ഷേത്രമോ, ക്ഷേത്ര ഭരണസമിതിയോ ആയിരിക്കുകയില്ല.

10. ഇളക്കി മാററിയ പഴയ താഴിക കുടത്തിന്റെ അതേ അളവിലാണ് പുതിയ താഴിക കുടം നിർമ്മിക്കേണ്ടത്. ആയതിന് ക്ഷേത്രത്തിൽ സൂക്ഷിച്ചിട്ടുള്ള പഴയ താഴിക കുടം നേരിട്ട് പരിശോധിക്കാവുന്നതാണ്. ആയതിനായി വടക്കേനട ഉത്സവ മഠം കെട്ടിടത്തിലെ മതിലകം ഓഫിസുമായി പ്രവർത്തി ദിവസം രാവിലെ 10.00 മണിമുതൽ 12.00 മണിവരെയും വൈകുന്നേരം 4.00 മണിമുതൽ 5.00 മണിവരെയും ബന്ധപ്പെടാവുന്നതാണ്.

11. ടെണ്ടർ സ്വീകരിക്കാനും, നിരാകരിക്കാനുമുള്ള പുർണ്ണ അധികാരം എക്സിക്യൂട്ടീവ് ഓഫീസറിൽ നിക്ഷിപ്തമാണ്.

ക്വട്ടേഷൻ സമർപ്പിക്കുന്ന സീൽഡ് കവറിന് പുറത്ത് **"ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിലെ ഒററക്കൽ മണ്ഡപം താഴിക കുടത്തിന്റെ നിർമ്മാണം സംബന്ധിച്ച്"** എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

എക്സിക്യൂട്ടീവ് ഓഫീസർ

പകർപ്പ്- എ.ഓ.,എഫ്.എ.ഓ, മാനേജർ, അസി:അക്കൗണ്ട്സ് ഓഫീസർ, ആഡിററ്, , സിസ്റ്റം ഓഫിസർ, സർവർ റൂം ക്ലാർക്ക്, നോട്ടീസ് ബോർഡ്, വെബ് സൈററ്, നാലുനടയിലും, സ്റ്റോക്ക് ഫയൽ.